ESTD. 1854

For Private Circulation
Volume 14 Issue 7
OCTOBER 2022

# CSI St. PAUL'S CHURCH

## KUNNAMKULAM

(Out Stations : Talikulam & Kattakampal)

www.stpaulscsikunnamkulam.in







## സി.എസ്.ഐ. പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് നടന്ന ദീപശിഖാ പ്രയാണം നമ്മുടെ ഇടവക സന്ദർശിച്ചപ്പോൾ

**Motto : "എഴുന്നേറ്റ് പ്രകാശിക്ക; നിന്റെ പ്രകാശം വന്നിരിക്കുന്നു; യഹോവയുടെ തേജസ്സ് നിന്റെ മേൽ ഉദിച്ചിരിക്കുന്നു."**
**യെശയ്യാവ് 60:1**

കർത്താവിൽ പ്രിയ ദൈവജനമേ,

യേശുക്രിസ്തുവിൻ നാമത്തിൽ സ്നേഹവന്ദനം രേഖപ്പെടുത്തട്ടെ...

''വാർദ്ധക്യകാലത്തു നീ എന്നെ തള്ളിക്കളയരുതേ; ബലം ക്ഷയിക്കുമ്പോൾ എന്നെ ഉപേക്ഷിക്കയുമരുതേ''. സങ്കീ. 71:6. ഒക്ടോബർ 1 ലോക വയോജനദിനമായി ആചരിക്കുന്നു. 1990 മുതലാണ് ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലി ഒക്ടോബർ മാസം ഒന്നാം തീയതി ലോക വയോജന ദിനമായി ആചരിക്കാൻ തുടങ്ങിയത്. വർദ്ധിച്ചുവരുന്ന വയോജന സാന്നിദ്ധ്യവും അതിലേറെ വർദ്ധിച്ചുവരുന്ന അവരോടുള്ള അവഗണനയും കണക്കിലെടുത്ത്, ജനങ്ങളെ ഈ വിഷയുമായി ബോധവൽക്കരിക്കുക എന്നതാണ് ദിനാചരണത്തിന്റെ ലക്ഷ്യം.

ഓരോ വർഷവും വ്യത്യസ്ത ചിന്താവിഷയങ്ങളാണ് ഐക്യരാഷ്ട്രസഭ സ്വീകരിച്ചുവരുന്നത്. 2022 ൽ വയോജന ദിന ചിന്താവിഷമായി സ്വീകരിച്ചിരിക്കുന്നത് ''പ്രായമായ സ്ത്രീകളുടെ സഹിഷ്ണുതയും സംഭാവനകളും'' എന്നതാണ്. ഈ ചിന്താവിഷയത്തിലൂടെ വെല്ലുവിളികളെ അതിജീവിക്കുന്നതിനും അവരുടെ പരിഹാരങ്ങൾക്കായി സഹിഷ്ണുതയോടും ധൈര്യത്തോടും കൂടി സംഭാവന ചെയ്യുന്നതിലും പ്രായമായ സ്ത്രീകൾ വഹിക്കുന്ന പ്രധാന പങ്കിന്റെ മുഖ്യമുദ്രയും ഓർമ്മപ്പെടുത്തലാണ്.

ആരോഗ്യവും, ബുദ്ധിയും, ഓർമ്മയും ഒരുപോലെ ക്ഷയിക്കുന്ന കാലഘട്ടമാണ് വാർദ്ധക്യം. ചിലർക്ക് താൻ എന്ത് ചെയ്യണം, ചെയ്യരുത് എന്ന് മനസ്സിലാക്കാനുള്ള ബുദ്ധിപോലും ഇല്ലാതായെന്നു വരാം. ചിലപ്പോൾ വാർദ്ധക്യത്തിൽ എത്തിയ മാതാപിതാക്കളുടെ പ്രവർത്തനങ്ങൾ സ്വന്തം മക്കൾക്ക് പോലും അരോചകമായിത്തീർന്നു എന്നും വരാം.

**The Rev. Shibumon C K** Vicar & Chairman Mob: 9744077022
**Eva. K. J. Johnson** Church Worker Mob: 9847804326
**Mr. Abraham Lincoln** Hon. Secretary Mob: 9847099899
**Mr. Saji Joseph** Hon. Treasurer Mob: 7592026272

പ്രായമാവുക എന്നത് അനിവാര്യമായ ഒരു ശാരീരിക മാറ്റമാണ്. വൃദ്ധജനങ്ങളുടെ അനുപാതത്തിൽ കേരളം ഒന്നാമതാണ്. വിദ്യാഭ്യാസരംഗത്തും, ആരോഗ്യ പരിപാലന രംഗത്തും കേരളം കൈവരിച്ച നേട്ടങ്ങളുടെ ക്രിയാത്മക ഫലമാണിത്. നേട്ടങ്ങൾ അവകാശപ്പെടുന്നതിനൊപ്പം വാർദ്ധക്യം ഉയർത്തുന്ന പുതിയ വെല്ലുവിളികളെ നാം ശ്രദ്ധിക്കേണ്ടതാണ്. വിഷാദം ഉൾപ്പടെയുള്ള മാനസികാരോഗ്യ പ്രശ്നങ്ങൾ, സാമ്പത്തിക ഭദ്രതയില്ലാത്ത സാഹചര്യങ്ങൾ, മറ്റ് രോഗങ്ങൾ എല്ലാം വാർദ്ധക്യം നേരിടേണ്ടുന്ന പ്രധാന വെല്ലുവിളികളാണ്.

കൂട്ടുകുടുംബ വ്യവസ്ഥിതി നാമാവശേഷമായ ഇക്കാലത്ത് ജീവിത സായാഹ്നത്തിൽ ഒറ്റപ്പെടുക, ആകുലതകളും, ചിന്തകളും പങ്കുവെയ്ക്കാൻ മറ്റൊരാളെ ലഭ്യമല്ലാതാവുക തുടങ്ങിയവ വാർദ്ധക്യം നേരിടുന്ന വലിയ പ്രയാസങ്ങളാണ്. സ്നേഹവും കരുണയും പരിഗണനയും പരിലാളനയും, സാന്നിദ്ധ്യവും വയോജനങ്ങൾ തീവ്രമായി ആഗ്രഹിക്കുന്നു. മുതിർന്നവരെ മനസ്സിലാക്കുകയും സ്നേഹിക്കുകയും കൂടെ നിന്ന് പരിചരിക്കുകയും ചെയ്യുക എന്നത് എല്ലാവരുടേയും കടമയാണ്.

ജീവിത സായാഹ്നത്തിൽ വേണ്ടത്ര സാമൂഹ്യ പിന്തുണ ലഭിക്കാതെ, ആത്മഹത്യ ചെയ്യുന്ന വയോജനങ്ങളുടെ എണ്ണം കൂടിവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. ആത്മീയതയുടെ പിൻബലമില്ലാത്തവരിലും പുതിയ ജീവിത സാഹചര്യങ്ങൾ ഉൾക്കൊള്ളാൻ മനകട്ടിയില്ലാത്തവരിലുമാണ് ഇത്തരം പ്രവണതകൾ കൂടുതലായി കാണുന്നത്. ഒരുകാലത്ത് വാർദ്ധക്യത്തിൽ ആത്മീയതയിലേക്ക് തിരിഞ്ഞ് മാനസിക സമാധാനവും ഉല്ലാസവും നേടിയിരുന്ന വയോജനങ്ങളുടെ സ്ഥാനം ഇന്ന് ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ കൈക്കലാക്കി. ഇത് കൂടുതൽ നിരാശയിലേക്കും ശൂന്യതയിലേക്കും വാർദ്ധക്യത്തെ തള്ളിവിടുന്നു. വാർദ്ധക്യത്തെ ഫലപ്രദമായി അതിജീവിക്കുന്നതിന് ആത്മീയതയുടെ പാത തെരഞ്ഞെടുക്കുവാൻ കഴിയുന്നത് സഹായകരമാണ്.

ഒരു യഹോവ ഭക്തന്റെ പ്രാർത്ഥനയാണ് 71-ാം സങ്കീർത്തനം. തന്റെ ദൈവാശ്രയവും ദൈവത്തിലുള്ള പ്രത്യാശയും ഉറപ്പും വാക്കുകളിൽ വ്യക്തമാണ്. വാർദ്ധക്യം എന്നത് യാഥാർത്ഥ്യമാണെന്നും അതിന്റെ വെല്ലുവിളികളെക്കുറിച്ചും നല്ല ബോധ്യവും ഉണ്ട്. ഈ പശ്ചാത്തലത്തിൽ താൻ വാർദ്ധക്യത്തിൽ എത്തി ബലം ക്ഷയിക്കുമ്പോൾ കരുതേണ്ടതിനായി പ്രാർത്ഥിക്കുന്നു. വാർദ്ധക്യം എന്ന

യാഥാർത്ഥ്യത്തെ പ്രാർത്ഥനയോടും പ്രത്യാശയോടും കൂടെ സമീപിക്കുന്നു.

വാർദ്ധക്യം എന്ന യാഥാർത്ഥ്യം പലർക്കും ഒരു പ്രശ്നമാണ്. എന്നാൽ വ്യക്തിത്വത്തിന്റെ പൂർണതയിലേക്ക് വളർന്നവർക്ക്, ദൈവത്തോട് ചേർന്ന് നടക്കാൻ കഴിഞ്ഞവർക്ക് വാർദ്ധക്യത്തിൽ സമാധാനം അനുഭവിക്കുന്നതിനും മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നതിനും മറ്റുള്ളവരെ ധൈര്യപ്പെടുത്തുന്നതിനും കഴിയുന്നു.

സി.എസ്.ഐ. സഭ വർഷത്തിലൊരിക്കൽ വയോജന ഞായർ ആയി ആചരിക്കുന്നതിലൂടെ ക്രിസ്ത്യാനികൾക്ക്, സഭയ്ക്ക് വയോജനങ്ങളെ കരുതേണ്ട ഉത്തരവാദിത്വം ഉണ്ട് എന്ന് ഓർമ്മിപ്പിക്കുകയാണ്. സി.എസ്.ഐ. പ്ലാറ്റിനം ജൂബിലി ആരാധന ക്രമീകരിക്കേണ്ടി വന്നതിനാൽ നമ്മുടെ ഇടവകയിൽ വയോജന ദിനം ആചരിക്കാൻ സാധിച്ചില്ല. എങ്കിലും നമ്മുടെ ഇടവകയിലെയും കുടുംബങ്ങളിലെയുമെല്ലാം വയോജനങ്ങളെ കരുതേണ്ട ഉത്തരവാദിത്വം ഉണ്ട് എന്ന് നമുക്ക് മറക്കാതിരിക്കാം.

പ്രായം ചെന്നവരുടെ വിയർപ്പും അധ്വാനവുമാണ് തന്റെ യൗവ്വനത്തിന്റെ പ്രസരിപ്പിന് നിദാനം എന്ന് ഇന്നത്തെ യുവത മനസ്സിലാക്കേണ്ടതാണ്. ആരോഗ്യത്തിന്റെ കാലഘട്ടം സ്നേഹവും, കരുണയും, പരിഗണനയും സാന്നിദ്ധ്യവും വയോജനങ്ങൾക്ക് നൽകുവാൻ ദൈവം നൽകിയ അവസരമായി സ്വീകരിക്കാം. ജീവിത സായാഹ്നം ശാന്തതയോടും സമാധാനത്തോടും തരണം ചെയ്യുവാൻ ആത്മീയ വഴികളിലൂടെ സഞ്ചരിക്കാനുള്ള ശ്രമം യുവത ആരംഭിയ്ക്കുകയും, വയോജനങ്ങളെ അതിനായി ഒരുക്കുകയും ചെയ്യാം.


വയോജനങ്ങൾക്ക് സ്നേഹവും, കരുതലും, സാന്നിദ്ധ്യവും നൽകുന്ന ക്രിസ്തീയ മൂല്യമുള്ളവരായി നമ്മുടെ യുവത തീരട്ടെ. ദൈവത്തോട് ചേർന്ന് നടന്ന് സ്വന്തം ജീവിത സായാഹ്നങ്ങളിൽ സമാധാനം അനുഭവിക്കുന്നതിനും മറ്റുള്ളവരെ അനുഗ്രഹിക്കുന്നതിനും നമ്മുടെ മാതാപിതാക്കൾക്കും സാധിക്കട്ടെ. ആശംസയോടെയും പ്രാർത്ഥനയോടെയും കൂടെ,

ക്രിസ്തുവിൽ നിങ്ങളുടെ ശുശ്രൂഷകൻ

**റവ. ഷിബുമോൻ സി. കെ.**

# Birthday in OCTOBER

| Date | Name |
|---|---|
| 01-10-2022 | ലില്ലി ചാക്കോ, കുന്നത്തുപറമ്പൻ |
| 02-10-2022 | ഏയ്ഞ്ചൽ ടി. പ്ലാച്ചേരിൽ |
| 02-10-2022 | ജബമാണിക്കം |
| 04-10-2022 | ലിയ മേരിക്കുട്ടി ജോയ്, പുലിക്കോട്ടിൽ |
| 04-10-2022 | സോനു ജൂബി, പുനരഞ്ചേരി |
| 05-10-2022 | ജെസ്സി ബേബി |
| 07-10-2022 | എലിസബത്ത്, അന്തിക്കാട് |
| 08-10-2022 | ആൽബർട്ട് ലെവി , ചോഴിയാട്ടിൽ |
| 08-10-2022 | ജോഫിൻ കെ. ജോഷി, കിളിയനാട്ടുപറമ്പിൽ |
| 10-10-2022 | ജിജി സൈമൺ, തലക്കോട്ടുകര |
| 11-10-2022 | സൈമൺ വർഗ്ഗീസ് റ്റി., തലക്കോട്ടുകര |
| 12-10-2022 | മേഘന ജോയ്, പയ്യൂർ |
| 12-10-2022 | റോഷൻ ഷാജി, അദിയുന്തൻ |
| 13-10-2022 | രഞ്ജിത് ഡാനിയേൽ, വടക്കൂട്ട് |
| 13-10-2022 | അലീന എലിസബത്ത് അനിൽ, മുല്ലത്തറ |
| 14-10-2022 | ജെയ്സൺ സി. എം.  ചെറുകാക്കശ്ശേരി |
| 15-10-2022 | ലിയ ജോൺസൺ കാരമുക്കിൽ |
| 16-10-2022 | സാബു ബി. പുലിക്കോട്ടിൽ |
| 16-10-2022 | ക്രിസ്റ്റി ഡേവിഡ് |
| 16-10-2022 | ജിനി വിപിൻ, കുത്തൂർ |
| 16-10-2022 | നിമ്മി ജോൺസൺ കാരമുക്കിൽ |
| 18-10-2022 | ലോനപ്പൻ ക്രിസ്റ്റി, പള്ളിപറമ്പിൽ |
| 18-10-2022 | ജിഷ ജൂബി, പുനരഞ്ചേരി |
| 18-10-2022 | സാനിയ സോണി, കളത്തിൽ |
| 18-10-2022 | ജറോഷ് ലാൻസി റോഷൻ, പ്ലാപ്പറമ്പിൽ |
| 19-10-2022 | ഏയ്ഞ്ചൽ ജോൺ, കുളങ്ങര |
| 20-10-2022 | റോഹൻ അദിയുന്തൻ |
| 21-10-2022 | ജോൺസൺ ജെ. പള്ളിപ്പറമ്പിൽ |
| 22-10-2022 | ഡാർലി ആന്റണി, പുലിക്കോട്ടിൽ |
| 22-10-2022 | റിബിൻ മാത്യു, ഇരവിമംഗലം |
| 22-10-2022 | ബെന്നി പി. വെട്ടത്ത് |
| 22-10-2022 | ജോയ്സി ഹാരി, പുത്തൻവീട്ടിൽ |
| 22-10-2022 | മിഴി പ്രവീൺ, കളത്തിൽ |



| | |
|---|---|
| 23-10-2022 | സാറാമ്മ ഏണസ്റ്റ് റിച്ചാർഡ്, മാവീട്ടിൽ |
| 23-10-2022 | ആരൺ സണ്ണി തോമസ്, അന്തിക്കാട് |
| 23-10-2022 | സൂസൻ അഗസ്റ്റിൻ, പനക്കുരുമ്പിൽ |
| 24-10-2022 | ഫ്രെഡറിക് പി. ജെയിംസ്, പയ്യൂർ |
| 25-10-2022 | ലീല എം.എൽ. പുതുശ്ശേരി |
| 25-10-2022 | ജിനി നിക്സൺ, ചെറുകാക്കശ്ശേരി |
| 25-10-2022 | ഉണ്ണിമേരി ജോക്കിൻ, ചോഴിയാട്ടിൽ |
| 26-10-2022 | സിബി ജോൺ, ആത്തപ്പള്ളി |
| 26-10-2022 | ലിജ ജോയ്, പുലിക്കോട്ടിൽ |
| 26-10-2022 | നിസി ജോബ്, പേരാമംഗലം |
| 28-10-2022 | വിശാൽ ഹെൻട്രി, കുന്നത്തുംകര |
| 31-10-2022 | നിഹ ഷിജോ, കിളിയനാട്ടുപറമ്പിൽ |
| 01-11-2022 | ബോബൻ സി.എൽ., ചോഴിയാറ്റിൽ |
| 01-11-2022 | ജോയ് ദേവദാസ്, ചീരൻ |
| 02-11-2022 | ഷീല ബേബി, വാരിക്കാട്ട് |
| 02-11-2022 | തോമസ് ചാക്കോ, അന്തിക്കാട്ട് |
| 03-11-2022 | റോസി വർഗ്ഗീസ്, പുലിക്കോട്ടിൽ |
| 04-11-2022 | തോമസ് വി. പോൾ, വടക്കൂട്ട് |
| 05-11-2022 | ക്ലിന്റൺ ജോൺ, പള്ളിപറമ്പിൽ |
| 05-11-2022 | ബിൻസി ഷിജോ, കിളിയനാട്ടുപറമ്പിൽ |
| 06-11-2022 | മോളി ജേക്കബ്, അയിനിക്കൽ |

## *Wedding Anniversary in OCTOBER*

08.10.2022 Mr. അഗസ്റ്റിൻ ജോസഫ് & Mrs. സൂസൻ, പനക്കുരുമ്പിൽ

12.10.2022 Mr. സുനോജ് ജോർജ്ജ് & Mrs. സുമ, പറപ്പൂർ

30.10.2022 Mr. ബോബൻ ലേവി & Mrs. ബീന, ചോഴിയാറ്റിൽ



# വാർത്തകളും കുറിപ്പുകളും

## കൊയ്ത്തുത്സവവും സ്തോത്ര ആരാധനയും 2022

നമ്മുടെ ഈ വർഷത്തെ കൊയ്ത്തുത്സവം 09.10.2022 ന് പൂർവ്വാധികം ഭംഗിയായി നടത്തുവാൻ കർത്താവിൽ ആശ്രയിച്ച് നിശ്ചയിച്ചിരിക്കുന്നു. നമ്മുടെ ഇടവകാംഗവും ഇപ്പോൾ മണ്ണുത്തി സെന്റ് തോമസ് സി.എസ്.ഐ. ഇടവക വികാരിയുമായിരിക്കുന്ന റവ. പി.ഡി. ക്രിസ്തുദാസ് അച്ചൻ വിശിഷ്ടാതിഥിയായി പങ്കെടുക്കുന്നതായിരിക്കും. എല്ലാ ഇടവക അംഗങ്ങളും കുടുംബവുമായി വന്ന് ആരാധനയിൽ പങ്കെടുക്കുന്നതിനും, വിവിധ സ്റ്റാളുകൾ സന്ദർശിക്കുന്നതിനും ആത്മാർത്ഥമായി സഹകരിക്കുക.

**പ്രോഗ്രാം**

| | |
|---|---|
| 7am - 8.15 am | പ്രഭാതഭക്ഷണം (ഹെറിറ്റേജ് ഹാൾ) |
| 7.00 മുതൽ | ആദ്യഫല സമർപ്പണം (ഹെറിറ്റേജ് ഹാൾ) |
| 8.15ന് | വാദ്യമേളം |
| 8.30ന് | കൊയ്ത്തുൽസവ ആരാധന |
| 11.00ന് | സമർപ്പണ വസ്തുക്കളുടെ ലേലം<br>സണ്ടേസ്കൂൾ കുട്ടികളുടെ ഗെയിം,<br>സ്ത്രീജന സഖ്യത്തിന്റെ പിക്കപ് ഫുഡ് സ്റ്റോൾ,<br>യുവജന സഖ്യത്തിന്റെ ലൈവ് ഫുഡ് കോർണർ |
| 1.00ന് | കൊയ്ത്തുൽസവ സ്നേഹ വിരുന്ന് |

## ദീപശിഖാ പ്രയാണം

സി.എസ്.ഐ. സഭയുടെ പ്ലാറ്റിനം ജൂബിലിയോട് അനുബന്ധിച്ച് മഹായിടവകതല ദീപശിഖാ പ്രയാണം നമ്മുടെ ഇടവക ദൈവാലയത്തിൽ 22.09.2022 ന് എത്തിച്ചേർന്നു. വാദ്യമേളങ്ങളോടെയും സഭാമക്കളുടെ സഹകരണത്തിലും അത് വിജയകരമായിത്തീർന്നു. സഹകരിച്ച എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു.

## ദശാംശ സമർപ്പണം

എല്ലാ മൂന്നാം ഞായർ ആരാധനയിലും പ്രത്യേക സ്തോത്രദാനം സമർപ്പിക്കാവുന്നതാണ്. തങ്ങളുടെ വരുമാനത്തിൽ നിന്ന് സന്തോഷത്തോടെ സ്വയം നിശ്ചയിച്ച തുകകൾ സമർപ്പിക്കുക. സഭയുടെ സാമ്പത്തിക ആവശ്യങ്ങളുടെ നിർവ്വഹണത്തിന് ഇത് വളരെ പ്രയോജനകരമായിത്തീരുന്നതാണ്.

## ഉച്ചകഞ്ഞി വിതരണം

ആരാധനയ്ക്കു ശേഷം നടക്കുന്ന ഉച്ചകഞ്ഞി വിതരണത്തിനായി സംഭാവനകൾ സ്വീകരിക്കുന്നതാണ്. ജന്മദിനം, വിവാഹവാർഷികം, ഓർമ്മ ദിവസങ്ങൾ എന്നീ പ്രത്യേക സന്ദർഭങ്ങളിൽ ഉച്ചകഞ്ഞി സ്പോൺസർ ചെയ്യാവുന്നതാണ്.

## ഭവന പ്രാർത്ഥന – സ്തോത്ര കാഴ്ച

ഭവനങ്ങളിൽ പ്രാർത്ഥനകൾ ക്രമീകരിക്കുന്ന സമയങ്ങളിൽ പ്രത്യേക സ്തോത്രകാഴ്ചകൾ നൽകി വരുന്നത് സന്തോഷകരം തന്നെ. ഇവ പേരെഴുതിയ കവറുകളിൽ കമ്മിറ്റി അംഗങ്ങളെ ഏൽപ്പിക്കുകയോ ആരാധനയ്ക്കായി വരുമ്പോൾ കൊണ്ടുവരികയോ ചെയ്യുന്നത് കണക്കുകൾ സൂക്ഷിക്കുന്നതിന് വളരെ സഹായകരമാണ്.

## പ്രത്യേക ശുശ്രൂഷയുടെ ക്രമീകരണം

ഭവന പ്രാർത്ഥനകൾ, ഓർമ്മ പ്രാർത്ഥനകൾ, വീട് കൂദാശകൾ, വിവാഹ നിശ്ചയം, വിവാഹം തുടങ്ങിയ പ്രത്യേക ശുശ്രൂഷയുടെ ആവശ്യമായി വരുമ്പോൾ ഇടവക ശുശ്രൂഷകനെ മുൻകൂട്ടി അറിയിച്ചതിനുശേഷം മാത്രം തീയതികൾ ക്രമീകരിക്കുന്നത് വളരെ സഹായകരമാണ്.

## മാസവരി

ഡിസംബർ 31 നകം എല്ലാവരും മാസവരികളും, മറ്റ് തുകകളും അടച്ച് കുടിശ്ശികയിൽ നിന്ന് ഒഴിവാകുന്നതിന് ശ്രമിക്കുക. കുടുംബത്തിലെ മാതാപിതാക്കൾ ഇരുവരും ജോലിയുള്ള മക്കളും മാസവരി മെമ്പർഷിപ്പ് എടുക്കേണ്ടതാണ്.

## അനുമോദനം

എസ്.എസ്.എൽ.സി., പ്ലസ്ടു, പി.യു.സി. (PUC) വിജയിച്ചവരെ കൊയ്ത്തുത്സവ ആരാധനാമദ്ധ്യേ അനുമോദിക്കുന്നു.

## സ്ഥിരീകരണം

2023ൽ സ്ഥിരീകരണം സ്വീകരിക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികളും മാതാപിതാക്കളും ഇടവക ശുശ്രൂഷകനെ നവംബർ 30-ാം തീയതിക്കകം അറിയിക്കുക.

## ഇടവക ബാങ്ക് വിവരങ്ങൾ

ബാങ്കിലേക്ക് പണമയക്കുന്നവർ പേരും, ഏതിനത്തിൽ എന്നതും വ്യക്തമായി സന്ദേശം അയക്കുന്നതോടൊപ്പം അയച്ചതിന്റെ സ്ക്രീൻ ഷോട്ടും അയയ്ക്കുവാൻ ശ്രദ്ധിക്കുക. വാട്സാപ്പ് നമ്പർ - 8296547933.

**അക്കൗണ്ട് വിവരങ്ങൾ** :

**Federal Bank, Kunnamkulam Branch**
**Name : CSITA ST. Paul's CSI church**
**A/c. No: 13420100018196 IFSC : FDRL 0001342**

# ആഗസ്റ്റ് 2022 വരവ് - ചെലവുകൾ

| വരവ് | | |
|---|---|---|
| മുൻ മിച്ചം ബാങ്ക് | - | 36,226.25 |
| മുൻ മിച്ചം കൈവശം | - | 38,930.00 |
| വസ്തുവക വരവ് | - | 610.00 |
| പൊതു വഴിപാട് | - | 22,990.00 |
| ജന്മദിന വിവാഹ വാർഷിക വഴിപാട് | - | 6,050.00 |
| മാസവരി സംഖ്യ | - | 8,750.00 |
| ദശാംശം | - | 26,100.00 |
| സണ്ടേസ്കൂൾ | - | 1,145.00 |
| സംഭാവന | - | 700.00 |
| ഗായകസംഘം | - | 2,130.00 |
| യുവജനസഖ്യം | - | 17,005.00 |
| സ്ത്രീജനസഖ്യം | - | 15,880.00 |
| കപ്യാർ വസതി ഫണ്ട് | - | 56,870.00 |
| ബാങ്ക് പലിശ | - | 2,520.00 |
| ആകെ വരവ് | - | 2,35,906.25 |
| | | 2,35,906.25 |

| ചെലവ് | | |
|---|---|---|
| യാത്ര ചെലവ് | - | 100.00 |
| ബാങ്ക് ചെലവ് | - | 570.00 |
| പോസ്റ്റേജ് & സ്റ്റേഷനറി | - | 3,335.00 |
| വൈദ്യുതി ചാർജ്ജ് | - | 2,473.00 |
| ഗായകസംഘം | - | 835.00 |
| സാധുസഹായം | - | 1,000.00 |
| ലോക്കൽ അലവൻസ് | - | 10,035.00 |
| ശുചീകരണം | - | 2,400.00 |
| കുടിവെള്ളം | - | 420.00 |
| യുവജനസഖ്യം | - | 11,700.00 |
| കപ്യാർ വസതി പുനരുദ്ധാരണം | - | 1,11,605.00 |
| പ്യൂൺ / കപ്യാർ | - | 6,500.00 |
| സീനിയർ പ്രെസ്ബിറ്റർ അലവൻസ് | - | 2,000.00 |
| 60% മഹായിടവകയിലേക്ക് | - | 26,910.00 |
| 60% വസ്തുവരവ് മഹായിടവകയിലേക്ക് | - | 3,384.00 |
| പി.ബി.എഫ് | - | 3,345.00 |
| പെൻഷൻ | - | 3,345.00 |
| ആകെ ചെലവ് | - | 1,89,957.00 |
| മിച്ചം ബാങ്ക് | - | 45,807.25 |
| കൈവശം | - | 142.00 |
| | | 2,35,906.25 |

കുന്നംകുളം
27.09.2022

വികാരി | സെക്രട്ടറി | ട്രഷറർ

# PROGRAMME FOR OCTOBER 2022

| | | | | |
|---|---|---|---|---|
| 02.10.2022<br>9.30 am<br>വി.സ. | പെന്തക്കോസ്തിന് പിൻപ്<br>പതിനേഴാം ഞായർ<br>അത്മായ ഞായർ : സർവ്വ വിശ്വാസികളുടേയും പൗരോഹിത്യം | | യെശയ്യാവ് 61 : 1–11<br>സങ്കീ. 135 : 12–21<br>1 പത്രോസ് 2 : 1–10<br>യോഹന്നാൻ 17 : 1–8 | സൈമൺ വർഗ്ഗീസ്<br>ഷിജോ ജോൺസൺ<br>ജോസ് കുമാർ |
| 09.10.2022<br>8.30 am<br>വി.സ. | പെന്തെക്കോസ്തിന് പിൻപ്<br>പതിനെട്ടാം ഞായർ<br>കൊയ്ത്തുത്സവം | | 1 ദിനവൃത്താന്തം 29:10–20<br>സങ്കീർത്തനങ്ങൾ 65<br>1 തിമൊഥെയോസ് 6:6–12<br>യോഹന്നാൻ 6 : 26–35 | എബ്രഹാം ലിങ്കൺ<br>നിഷ യേശുദാസ്<br>സജി ജോസഫ് |
| 16.10.2022<br>8.30 am<br>വി.സ. | പെന്തെക്കോസ്തിന് പിൻപ്<br>പത്തൊൻപതാം ഞായർ<br>സ്നാപനം,<br>ഉയരത്തിൽ നിന്നുള്ള പിറവി | | ഉല്പത്തി 8:1–14<br>സങ്കീർത്തനങ്ങൾ 25<br>കൊലോസ്യർ 3:1–11<br>യോഹന്നാൻ 3:1–8 | സൈമൺ വർഗീസ്<br>ജെമീമ<br>മേരി വില്ലി |
| 23.10.2022<br>8.30 am | പെന്തെക്കോസ്തിന് പിൻപ്<br>ഇരുപതാം ഞായർ<br>ഉപഭോഗ സംസ്കാരത്തോടുള്ള ക്രൈസ്തവ പ്രതികരണം | | ഉൽപത്തി 3:1–7<br>സങ്കീർത്തനങ്ങൾ 37<br>ഫിലിപ്പിയർ 3:17–21<br>മത്തായി 6:25–34 | റിച്ചാർഡ്സൺ ജേക്കബ്<br>ജിതിൻ സി.ജെ.<br>ബെറ്റ്സി മെറിന ജോൺ |
| 30.10.2022<br>8.30 am | പെന്തെക്കോസ്തിന് പിൻപ്<br>ഇരുപത്തിയൊന്നാം ഞായർ<br>ദൈവത്തിന്റെ അധികാരത്തിന്റെയും നീതിയുടേയും സമാധാനത്തിന്റെയും ആഘോഷം | | പുറപ്പാട് 7 : 1–7<br>സങ്കീർത്തനങ്ങൾ 89:1–18<br>റോമർ 13 : 1–7<br>യോഹന്നാൻ 18 : 33–38 | പോൾ പ്രഭാകർ<br>ജിനി സി.എൻ.<br>നിസി ജോബ് |
| 06.11.2022<br>8.30 am<br>വി.സ. | പെന്തെക്കോസ്തിന് പിൻപ്<br>ഇരുപത്തിരണ്ടാം ഞായർ<br>സണ്ടേസ്കൂൾ ഞായർ<br>ഈ പൈതൽ എന്തായി തീരും? | | ന്യായാധിപന്മാർ 13:1–14<br>സങ്കീർത്തനം 119:9–16<br>എഫെസ്യർ 6 : 1–9<br>ലൂക്കോസ് 1 :57–66 | സണ്ടേസ്കൂൾ<br>കുട്ടികൾ |

**ഭവന പ്രാർത്ഥന**
22.10.2022 ശനിയാഴ്ച 6 pm, തമ്പി, കാഞ്ഞിരത്തിങ്കൽ

**സംഘടനാ യോഗങ്ങൾ**
02.10.2022 11.30 am സ്ത്രീജനസഖ്യം യൂണിറ്റ് മീറ്റിംഗ്

**ദശാംശ സമർപ്പണ ഞായർ**
16.10.2022 ഞായർ ആരാധനാ മദ്ധ്യേ

**ഗാനപരിശീലനം**
എല്ലാ ഞായറാഴ്ചയും 12 pm ന്

**സണ്ടേ സ്കൂൾ**
എല്ലാ ഞായറാഴ്ചയും 8.30 am ന്

***കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ ഇടവക പട്ടക്കാരൻ***

CSI പാഴ്സനേജ്, കുന്നംകുളം
റവ. ഷിബുമോൻ സി.കെ.
04885 227077, 8296547933
Mob: 9744077022